# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2796 06.11.2019 ലെ മറുപടി**

## 'ജലവിഭവ വകുപ്പിൽ വർക്കർ തസ്തിക'

| ചോദ്യം | മറുപടിക്ക് |
|---|---|
| **ശ്രീ.എൻ.ഷംസുദ്ദീൻ:** | **കെ.കൃഷ്ണൻകുട്ടി**<br>**(ജലവിഭവ വകുപ്പമന്ത്രി)** |
| (എ) ജല വിഭവ വകുപ്പിൽ വർക്കർ തസ്തികയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി ജോലി ചെയ്തു വരുന്ന ജീവനക്കാർക്ക് നൽകി വരുന്ന ദിവസ വേതനം എത്ര രൂപയാണ് എന്ന് വ്യക്തമാക്കുമോ; | (എ) (I) 660/- രൂപയാണ് നിലവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിക്കുന്ന ജലസേചനവകുപ്പിലെ താത്ക്കാലിക ജീവനക്കാരുടെ ദിവസ ശമ്പളം.<br>(ii) കേരള വാട്ടർ അതോറിറ്റിയിൽ മാൻ മസ്ദൂർ(വർക്കർ) തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി താത്ക്കാലിക ജോലി ചെയ്യുന്നവർക്ക് ഒരു ഡ്യൂട്ടിക്ക് പരമാവധി 377 രൂപയാണ് നൽകി വരുന്നത്.<br>(iii) ഭൂജലവകുപ്പിൽ വർക്കർ തസ്തികയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി ജീവനക്കാരെ നിയമിച്ചിട്ടില്ല. |
| (ബി) പ്രസ്തുത ജീവനക്കാർക്കും മറ്റ് വകുപ്പുകളിൽ നൽകി വരുന്നതുപോലെ ദിവസവേതനം വർദ്ധിപ്പിച്ച് നൽകുവാൻ നടപടി സ്വീകരിക്കുമോ; | (ബി) കാലാകാലങ്ങളിലെ സർക്കാർ തീരുമാനമനുസരിച്ച് മറ്റു വകുപ്പുകളോടൊപ്പം ജലസേചന വകുപ്പിലും താത്ക്കാലിക ജീവനക്കാർക്ക് ശമ്പളം വർദ്ധിപ്പിച്ച് നൽകുന്നതാണ്.<br>കേരള വാട്ടർ അതോറിറ്റിയിൽ ജീവനക്കാരുടെ ദിവസവേതനം പുനർനിർണ്ണയിക്കുന്ന വിഷയം 28/11/2017ൽ കൂടിയ അതോറിറ്റി യോഗം ചർച്ച ചെയ്യുകയും അതോറിറ്റിയുടെ നിലവിലെ സാമ്പത്തിക സ്ഥിതി ഈ അധികബാദ്ധ്യത വഹിക്കാൻ സജ്ജമല്ല എന്ന് വിലയിരുത്തുകയും ആയതിനാൽ ഇക്കാര്യം തത്ക്കാലം പരിഗണിക്കേണ്ടതില്ല എന്ന് തീരുമാനിക്കുകയും ചെയ്തു. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത ജീവനക്കാരുടെ ശമ്പളവിതരണത്തിൽ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് കൃത്യമായി വിതരണം ചെയ്യുവാൻ നടപടി സ്വീകരിക്കുമോ; | (സി) | ജലസേചനവകുപ്പിൽ ഫണ്ട് ലഭിക്കുന്ന മുറയ്ക്കാണ് താത്ക്കാലിക ജീവനക്കാർക്ക് ശമ്പളം നൽകുന്നത്. കൃത്യമായി ടി ജീവനക്കാർക്ക് ശമ്പളം നൽകാൻ നടപടി സ്വീകരിച്ചു വരുന്നുണ്ട്.<br><br>കേരള വാട്ടർ അതോറിറ്റി സോഫ്റ്റ് വെയർ ഉപയോഗിച്ച് കേരളമൊട്ടാകെ ഈ ഇനത്തിൽ ജോലി ചെയ്യുന്നവരുടെ ബില്ലുകൾ ക്രോഡീകരിച്ച് കേന്ദ്രീകൃതമായി ആണ് അനുമതി നൽകുന്നത്. |

**സെക്ഷൻ ഓഫീസർ**